# ടി.ഡി. രാമകൃഷ്ണന് വയലാർ അവാർഡ്

## ഒക്ടോബർ 7

- ബോളിവുഡിലെ പ്രശസ്ത സംവിധായകനും തിരക്കഥാകൃത്തുമായ കുന്ദൻഷാ അന്തരിച്ചു. 69 വയസായിരുന്നു.
- തെന്നിന്ത്യൻ താരങ്ങളായ നാഗചൈതന്യയും സാമന്തയും ഗോവയിൽ നടന്ന ചടങ്ങിൽ വിവാഹിതരായി. ഹിന്ദു- ക്രിസ്തീയ രീതിയിലായിരുന്നു വിവാഹം.

## ഒക്ടോബർ 8

- ഈ വർഷത്തെ വയലാർ സാഹിത്യ പുരസ്കാരത്തിന് ടി.ഡി. രാമകൃഷ്ണന്റെ 'സുഗന്ധി എന്ന ആണ്ടാൾ ദേവനായകി' എന്ന പുസ്തകം അർഹമായി. ഒരുലക്ഷം രൂപയാണ് സമ്മാനത്തുക.
- രാഷ്ട്രപതിയായ ശേഷം ആദ്യമായി രാംനാഥ് കോവിന്ദ് കേരളത്തിലെത്തി. മാതാ അമൃതാനന്ദമയിയുടെ പിറന്നാൾ ആഘോഷത്തിൽ പങ്കെടുക്കാനായാണ് രാഷ്ട്രപതി എത്തിയത്.
- 2017ലെ വിൽ ചെയർ ലോകസുന്ദരി മത്സരത്തിൽ ബെലാറുകാരി അലക്സാന്ദ്ര ചിചികോവ വിജയിച്ചു. ദക്ഷിണാഫ്രിക്കയിലെ ലെ ബൊഹാങ് മൊന്യാറ്റ്സിയും പോളണ്ടിലെ എഡ്രിയാന സവദ്സിൻസ്കയും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.
- 1960ൽ ഭൂമിയിൽ നിന്ന് തുടച്ചുനീക്കപ്പെട്ടതായി കരുതിയിരുന്ന ട്രീലോബ്സ്റ്റർ ഇനത്തിൽപ്പെട്ട പ്രാണിവർഗത്തെ ഓസ്ട്രേലിയയിലെ ലോർഡ് ഹോ ദ്വീപുകളിൽ കണ്ടെത്തി. പറക്കാൻ കഴിയാത്ത ഏറ്റവും വലിയ പ്രാണിയാണ് ട്രീ ലോബ്സ്റ്റർ.

## ഒക്ടോബർ 9

- 2002 ഫെബ്രുവരി 27ന് നടന്ന ഗോധ്ര കൂട്ടക്കൊലയിലെ 11 പ്രതികളുടെ വധശിക്ഷ അഹമ്മദാബാദ് ഹൈക്കോടതി ജീവപര്യന്തമാക്കി ചുരുക്കി. ഗോധ്ര റെയിൽവേ സ്റ്റേഷനിലെ സബർമതി എക്സ്പ്രസിന്റെ S-6 ബോഗി കത്തിച്ച് 59 പേരെ കൊന്ന സംഭവമാണിത്.
- ഈ വർഷത്തെ സാമ്പത്തിക ശാസ്ത്രത്തിനുള്ള നോബൽ പുരസ്കാരത്തിന് റിച്ചാർഡ് തെയ്‌ലർ അർഹനായി. അമേരിക്കയിലെ ഷിക്കാഗോ സർവകലാശാലയിലെ പ്രൊഫസറാണ് റിച്ചാർഡ്.
- ന്യൂഡൽഹിയിലെ അണ്ടർ 17 ലോകകപ്പ് മത്സരത്തിൽ കൊളംബിയയ്ക്കെതിരായ മത്സരത്തിൽ ഇന്ത്യയുടെ ജിക്സൺ തനോജം സിംഗ് ഗോളടിച്ചു. ലോകകപ്പ് ചരിത്രത്തിൽ ഇന്ത്യയുടെ ആദ്യത്തെ ഗോളാണിത്.
- മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഒഫ് ലെറ്റേഴ്സ് ഡയറക്ടറും എഴുത്തുകാരനുമായ ഡോ. വി.സി. ഹാരിസ് (58) അന്തരിച്ചു.
- തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ അബ്രാഹ്മണരെ ശാന്തിമാരായി നിയമിച്ചു. പെരുമ്പാവൂർ അറക്കപ്പടി ശിവക്ഷേത്രത്തിൽ മനോജും തിരുവല്ല വളഞ്ഞവട്ടം മണപ്പുറം മഹാദേവ ക്ഷേത്രത്തിൽ പട്ടിക ജാതി വിഭാഗത്തിലുള്ള യദുകൃഷ്ണയും ശാന്തിമാരായി.

## ഒക്ടോബർ 10

- 2018ൽ റഷ്യയിൽ നടക്കുന്ന ലോകകപ്പ് ഫുട്ബാളിൽ മത്സരിക്കുന്ന ഏറ്റവും ചെറിയ രാജ്യമെന്ന ബഹുമതി ഐസ്‌ലാൻഡിന് 3,30,000 മാത്രം ജനസംഖ്യയുള്ള ഐസ്‌ലാൻഡ് ആദ്യമായാണ് ലോകകപ്പിന് അർഹത നേടുന്നത്.
- പ്രീമിയർ ബാഡ്മിന്റൺ ലീഗിന്റെ മൂന്നാം സീസണിൽ മലയാളി താരം എച്ച്. എസ്. പ്രണോയിയെ 62 ലക്ഷം രൂപയ്ക്ക് അഹമ്മദാബാദ് സ്മാഷ് മാസ്റ്റേഴ്സ് സ്വന്തമാക്കി. ഇതോടെ താരലേലത്തിലെ ഏറ്റവും വില കൂടിയ താരമായി പ്രണോയി.

## ഒക്ടോബർ 11

- യു.ഡി.എഫ് സർക്കാരിനെ പിടിച്ചുലച്ച സോളാർ കേസിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയടക്കം 14 പേർക്കെതിരെ ക്രിമിനൽ, ബലാത്സംഗ ക്കേസെടുക്കാൻ മന്ത്രിസഭാ തീരുമാനം. മന്ത്രിമാരായിരുന്ന തിരുവഞ്ചൂർ, ആര്യാടൻ മുഹമ്മദ് തുടങ്ങിയവരും പ്രതികളാവും. സോളാർ കമ്മിഷൻ റിപ്പോർട്ടിന്മേലാണ് സർക്കാരിന്റെ നടപടി.
- മലപ്പുറം വേങ്ങരയിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ 71.99 ശതമാനം പോളിംഗ്
- 18 തികയാത്ത ഭാര്യയുമായുള്ള ലൈംഗിക ബന്ധം ബലാത്സംഗ കുറ്റമായി കണക്കാക്കാമെന്ന് സുപ്രീംകോടതി.
- പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന്റെ ചെയർമാനായി നടൻ അനുപം ഖേറിനെ നിയമിച്ചു.
- ദേശീയ നീന്തൽ മത്സരത്തിൽ കേരളത്തിന്റെ സജൻ പ്രകാശ് 5 സ്വർണം നേടി.

## ഒക്ടോബർ 12

- വിവാദമായ ആരുഷി വധക്കേസിൽ സംശയത്തിന്റെ ആനുകൂല്യത്തിൽ മാതാപിതാക്കളും പ്രതികളുമായ ഡോ. രാജേഷ് തൽഹാറിനെയും ഭാര്യ ഡോ. നൂപുറിനെയും അലഹബാദ് കോടതി വെറുതേവിട്ടു. 2008 മേയ് 16നാണ് ഒമ്പതാം ക്ളാസുകാരി ആരുഷിയെ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്.
- ഈ വർഷത്തെ മാതൃഭൂമി സാഹിത്യപുരസ്കാരത്തിന് എം.കെ. സാനു അർഹനായി. 2 ലക്ഷം രൂപയാണ് പുരസ്കാരത്തുക.


സാമന്തയുംനാഗചൈതന്യയും


സജൻപ്രകാശ്


പ്രണോയ്


ഉമ്മൻചാണ്ടി


യദുകൃഷ്ണ


ടി.ഡി.രാമകൃഷ്ണൻ


വിൽചെയർലോകസുന്ദരി


റിച്ചാർഡ്തെയ്‌ലർ

flash

**വാർത്തകൾ**

തിരുവനന്തപുരം: 9946103921
കൊല്ലം: 9946108192
കോട്ടയം: 9946108298
ഇടുക്കി: 9946108298
പത്തനംതിട്ട: 9946107991
ആലപ്പുഴ: 9946108352
കൊച്ചി: 9946108176
തൃശൂർ : 9946108215
പാലക്കാട് : 9946108215
മലപ്പുറം : 9946108233
കോഴിക്കോട് : 9946100411
വയനാട് : 9048845135
കണ്ണൂർ : 9946103707
കാസർകോട് : 9946103707

**ഇ-മെയിൽ**
tvmflash@gmail.com

**ഫാക്സ്**
0471-3078979

**അന്വേഷണങ്ങൾ**
0471-3078832

**കത്തുകൾ**
keralakaumudi flash
kaumudi buildings
pettah p.o
thiruvananthapuram-24

**പരസ്യം**
9946108359

**ജനറൽ എഡിറ്റർ**
9946108427

**തിരുവനന്തപുരം ബ്യൂറോ ചീഫ്**
9946108231

**കാർട്ടൂൺ, ഫലിതം**
shilinsolomon@gmail.com